"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -സമാശ്വാസ തൊഴിൽദാന പദ്ധതി-മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയിൽ രണ്ടാംതരം ഓവർസിയർ തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട ബിജു.ആർ-ന്റെ ഭാര്യ ശ്രീമതി.മിനി.എസ്-ന് ആശ്രിതനിയമനപദ്ധതി പ്രകാരം ഓഫീസ് അറ്റൻഡന്റ് ആയി നിയമനം നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യു.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1409/2023/LSGD തീയതി,തിരുവനന്തപുരം, 11-07-2023

പരാമർശം:- 1) 24.05.1999 ലെ ജി.ഒ.(പി) നം.12/99/ഉ.ഭ.പ.വ.

2) ശ്രീമതി.മിനി.എസ്. സമർപ്പിച്ച 23.05.2022 ലെ ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള അപേക്ഷ

3) തസ്വഭ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 09.11.2022 ലെ ഇ2/214/2022/CE/LID&EW നമ്പർ കത്ത്.

4) മലപ്പുറം ജില്ലാ കളക്ടറുടെ 25.05.2023 ലെ DCMPM/261/2023-A2 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ നഗരസഭയിൽ രണ്ടാംതരം ഓവർസിയർ ആയി സേവനമനുഷ്ഠിച്ചു വരവേ 28.01.2022-ന് മരണപ്പെട്ട ബിജു.ആർ-ന്റെ ഭാര്യയായ ശ്രീമതി.മിനി.എസ് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധിക്കുള്ളിൽ തന്നെയാണ് ടി അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. പരേതന്റെ ആകെ സേവനകാലം 17 വർഷം 1 മാസം 13 ദിവസം ആണ്.

2. അപേക്ഷകയുടെ ജനനതീയതി 30.04.1979 ആകയാൽ ടിയാരിയ്ക്ക് ഇപ്പോൾ 44 വയസ്സുണ്ട്. ടിയാരി മലപ്പുറം ജില്ലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ടിയാരി 8-ാം ക്ലാസ് പരീക്ഷ വിജയിച്ചിട്ടുള്ളതിനാൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകാവുന്നതാണ്.

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറും മലപ്പുറം ജില്ലാ കളക്ടറും യഥാക്രമം പരാമർശം 3, 4 പ്രകാരം ശ്രീമതി.മിനി.എസ്-ന്റെ അപേക്ഷ ശുപാർശ ചെയ്തിട്ടുണ്ട്. ശ്രീമതി.മിനി.എസ്, പരേതനായ ബിജു.ആർ-ന്റെ ഭാര്യയാണ്. ബിജു.ആർ-ന്റെ മാതാവ് ശ്രീമതി.ശാന്തിനി.എം, മക്കളായ ശ്രീ.അരവിന്ദ്.ബി, ശ്രീ.അർജ്ജുൻ.ബി എന്നിവർ ശ്രീമതി.മിനി.എസ്.-ന് ആശ്രിതനിയമനപദ്ധതി പ്രകാരം ജോലി നൽകുന്നതിനുള്ള സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്. ശ്രീമതി.മിനി.എസ്., ആശ്രിതനിയമനപ്രകാരം ജോലി ലഭിക്കുകയാണെങ്കിൽ പരേതന്റെ മാതാവിനെയും മക്കളെയും സംരക്ഷിച്ചു കൊള്ളാമെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരേതന്റെ മറ്റ് കുടുംബാംഗങ്ങൾ ആരും തന്നെ പ്രസ്തുത പദ്ധതി പ്രകാരം

ജോലിക്കായി അപേക്ഷിക്കുകയോ ആർക്കും തന്നെ ഇപ്രകാരം ജോലി നൽകുകയോ ചെയ്തിട്ടില്ല. അപേക്ഷകയുടെ വാർഷിക കുടുംബ വരുമാനം 48,000/-(നാൽപ്പത്തിയെട്ടായിരം രൂപ മാത്രം) രൂപയാണ് എന്ന് മലപ്പുറം ജില്ലാ കളക്ടർ പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. രണ്ടാംതരം ഓവർസിയർ തസ്തികയിൽ സർവീസിലിരിക്കേ മരണപ്പെട്ട ബിജു.ആർ-ന്റെ ഭാര്യ ശ്രീമതി.മിനി.എസ്-ന്, പരാമർശം 1 ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിതനിയമനപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് ഉത്തരവാകുന്നു. പരേതന്റെ സർവീസ് ബുക്കിലും, പരേതൻ ഒടുവിൽ ജോലി ചെയ്ത ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ഇത് സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഓഫീസ് മേധാവിയോ വകുപ്പ് മേധാവിയോ അറ്റസ്റ്റ് ചെയ്യേണ്ടതാണ്. ആശ്രിത നിയമന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ തുടർന്ന് അന്വേഷണം നടത്തിയ സമയത്തോ, എന്തെങ്കിലും വിവരങ്ങൾ മറച്ചു വയ്ക്കുകയോ തെറ്റായ വിവരങ്ങൾ ധരിപ്പിക്കുകയോ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം മേൽപ്രകാരം ഉത്തരവായ നിയമനം റദ്ദ് ചെയ്യുന്നതാണ്.

5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷകയുടെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നെസ്സ് എന്നിവ തെളിയിക്കുന്ന രേഖകളുടെ ആധികാരികത പരിശോധിച്ച ശേഷം, ടിയാരിയ്ക്ക് നിലവിലുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിലോ, നിലവിൽ ഒഴിവില്ലെങ്കിൽ തുടർന്നുണ്ടാകുന്ന ഒഴിവിലോ നിയമനം നൽകേണ്ടതാണ്. മലപ്പുറം ജില്ലയിൽ സമീപഭാവിയിൽ ഒഴിവുകളുണ്ടാകാൻ സാധ്യത ഇല്ലാത്ത സാഹചര്യമാണെങ്കിൽ തൊട്ടടുത്ത ജില്ലകളിലെ നിലവിലുള്ള ഒരു ഒഴിവിൽ അപേക്ഷകയ്ക്ക് നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജുക്കുട്ടൻ എം എസ്

അഡിഷണൽ സെക്രട്ടറി

1. ശ്രീമതി.മിനി.എസ്, 28/15-3, ഒളസ ഹൗസ്, വട്ടപ്പാറ റോഡ്, ഗ്രീൻ ലാന്റ്, പെരിന്തൽമണ്ണ പോസ്റ്റ്, മലപ്പുറം- 679322 (രജിസ്റ്റേഡ് തപാൽ മുഖേന).
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (ബിജു.ആർ-ന്റെ സർവ്വീസ് ബുക്ക് സഹിതം)
3. ജില്ലാ കളക്ടർ, മലപ്പുറം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. പൊതു ഭരണ(സി.ഇ. സെൽ) വകുപ്പ്.
7. വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Keerthi T.P
സെക്ഷൻ ഓഫീസർ
Date: 11-07-2023 16:32:20